**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 377** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി.പാർക്കുകളിൽ മദ്യശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ മദ്യശാലകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റി വയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിന് അനുവാദം നൽകുമെന്നും, ഇത്തരത്തിൽ മദ്യം നൽകുന്നതിന്റെ മാനദണ്ഡം ചട്ടങ്ങളിൽ ഉൾപ്പെടുത്തുമെന്നും 2022-23 വർഷത്തെ അബ്കാരി നയത്തിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം മദ്യശാലകൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റി വയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| (സി) | ഐ.ടി.പാർക്കുകളിൽ മദ്യശാല ആരംഭിക്കുന്നതു വഴി വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റി വയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുവാൻ അനുമതി നൽകുമ്പോൾ ലൈസൻസ് ഫീസ് ഇനത്തിൽ ഒരു നിശ്ചിത തുക സർക്കാരിന് വരുമാനമായി ലഭിക്കും. മദ്യവില്പനയിലൂടെയുള്ള നികുതികളും ലഭിക്കും. |

സെക്ഷൻ ഓഫീസർ